പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ 2236

17.6.2014 ൽ
മറുപടിയ്ക്ക്

## ടെക്നോളജി ഇന്നവേഷൻ സോൺ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ ;<br>ശ്രീ. ജോസഫ് വാഴക്കൻ ;<br>ശ്രീ. ആർ. സെൽവരാജ് ;<br>ശ്രീ. അൻവർ സാദത്ത് ; | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| എ) ടെക്നോളജി ഇന്നവേഷൻ സോൺ സ്ഥാപിക്കാൻ തീരുമാനമെടുത്തിട്ടുണ്ടോ ; | എ) ഉണ്ട്. |
| ബി) എങ്കിൽ എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതിലൂടെ കൈവരിക്കാനുദ്ദേശി-ക്കുന്നത് ; | ബി) എല്ലാ മേഖലകളിലും സ്വയംസംരംഭകത്വം പ്രോത്സാഹിപ്പി-ക്കുന്നതിനും Innovation-Incubation-Business Acceleration Ecosystem വികസിപ്പിക്കുന്നതിനും വേണ്ടി രൂപകൽപന ചെയ്ത സ്റ്റാർട്ട് അപ് പദ്ധതിയുടെ ഭാഗമായി കേരളത്തിൽ 3000 ടെക്നോളജി സ്റ്റാർട്ട് അപ്പുകൾ സൃഷ്ടിക്കുവാൻ ലക്ഷ്യമിട്ടാണ് ടെക്നോളജി ഇന്നോവേഷൻ സോൺ വിഭാവനം ചെയ്തിട്ടുള്ളത്. ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ താഴെപ്പറയുന്നവയാണ്.<br>1. ഇലക്ട്രോണിക്സ്, മൊബൈൽ കമ്മ്യൂണിക്കേഷൻസ്, കൃഷി, മത്സ്യബന്ധനം, ജനിതക സാങ്കേതികവിദ്യ തുടങ്ങിയ മേഖലയിലുള്ള വ്യവസായിക പ്രമുഖരെ പങ്കെടുപ്പിച്ച് സംരംഭകത്വവും നൂതന ആശയങ്ങളും പ്രോത്സാഹിപ്പിക്കുക.<br>2. ഇൻക്യുബേറ്ററുകളുടെ സ്റ്റാർട്ട് അപ് വില്ലേജ് മോഡൽ പ്രോത്സാഹിപ്പിക്കുന്നതിനായി വിവിധ മേഖലകളിൽ പി.പി.പി. മോഡലിൽ മൾട്ടിപ്പിൾ ഇൻക്യുബേറ്ററുകൾ സ്ഥാപിക്കുക.<br>3. എല്ലാ വ്യാവസായിക ഇൻക്യുബേറ്ററുകളും ഒരേ കുടക്കീഴിൽ കൊണ്ടുവരിക. |
| സി) സ്റ്റാർട്ട് അപ് സംരംഭങ്ങൾ കൂടുതൽ മേഖലകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ ;<br>ഡി) ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ? | (സി) & (ഡി) നടപ്പുവർഷം 5000 സ്കൂൾ കുട്ടികൾക്ക് റാസ്ബറിപൈ വിതരണം ചെയ്ത് പരിശീലനം നൽകുന്നതിന് പദ്ധതിയുണ്ട്. കൊച്ചി കിൻഫ്ര ഹൈടെക് പാർക്കിലും തിരുവനന്തപുരം ടെക്നോപാർക്കിലും ഓരോ ഫാബ്‌ലാബ് ആരംഭിക്കുന്നതിന് അനുമതി നൽകികഴിഞ്ഞു. സ്റ്റാർട്ട് അപ് ബൂട്ട് ക്യാമ്പ് സംഘടിപ്പിക്കുന്നതിനും സ്റ്റാർട്ട് അപ് ലീഡർഷിപ്പ് ട്രെയിനിംഗ് പദ്ധതി മുഖേന വിദ്യാർത്ഥികൾക്ക് നേതൃത്വ പരിശീലനം നൽകുന്നതിനുമുള്ള നടപടി സ്വീകരിച്ചുവരുന്നു. ഇന്റർനാഷണൽ എന്റർപ്രണേറിയൽ എക്സ്ചേഞ്ച് പ്രോഗ്രാം വഴി കോളേജുകളിലെ കമ്പ്യൂട്ടർ പ്രാഗത്ഭ്യമുള്ള |

തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾക്ക് സിലിക്കൺ വാലി സന്ദർശിച്ച് പരിശീലനം നേടി മടങ്ങുന്നതിന് അവസരം നൽകിയിട്ടുണ്ട്. നാനോ ടെക്നോളജി, അനിമേഷൻ, ഗെയിമിംഗ് തുടങ്ങിയ മറ്റ് സാങ്കേതിക ശാഖകളിൽ കൂടി പൊതു സ്വകാര്യ പങ്കാളിത്തത്തോടെ കൂടുതൽ ടെക്നോളജി ബിസിനസ് ഇൻകുബേഷൻ സെന്ററുകൾ തുടങ്ങുവാൻ പദ്ധതിയുണ്ട്.

സെക്ഷൻ ഓഫീസർ